**Rs. 10/-**

**Keraleeyam**
2009 July

Registered KL/CR/TCR/353/2009-11
Posted at Thrissur RMS/2 on 20 & 21/7/2009

• **നിരീക്ഷണം**

സി.ആർ. നീലകണ്ഠൻ

# ഇതാരുടെ റോഡ് നയം?

(കഴിഞ്ഞലക്കം തുടർച്ച)

പുതിയതായി നിർമ്മിക്കുന്ന റോഡുകളുടെ വികസനത്തിന് പ്രതിവർഷം 5000 കോടി രൂപ ഫണ്ട് വേണ്ടിവരും. ഇതിനായി ബജറ്റിലും വിഭവങ്ങൾ വേണം. അതായത് നിയമസഭപോലും അറിയാതെ സ്വകാര്യമൂലധനത്തിന് കടന്ന് വരാൻ കഴിയും. ഇപ്പോൾ രൂപീകരിച്ചിട്ടുള്ള കേരള റോഡ് ഫണ്ട് എന്ന സ്ഥാപനം വഴിയാണ് വിഭവസമാഹരണം നടത്തുക. അത് ഇപ്പോൾ പൂർണ്ണമായും സർക്കാർ സ്ഥാപനമാണ്. അതിന്റെ ഡയറക്ടർ ബോർഡിൽ സ്വകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്താനാണ് നിർദ്ദേശിക്കുന്നത്. ഇതിനായി കെ.ആർ.എഫ് നിയമം ഭേദഗതി ചെയ്യണം. വിഭവസമാഹരണത്തിനുള്ള മറ്റ് പല മാർഗ്ഗങ്ങളും നിർദ്ദേശിക്കപ്പെടുന്നുണ്ട്. നിലവിലുള്ള ഹൈവേകൾ മെച്ചപ്പെടുത്തി അതിൽ നിന്നും ടോൾ പിരിക്കലാണ് ഒരു മാർഗ്ഗം. ഇതുവഴി നിലവിലുള്ള പൊതുവഴികളും ടോൾ വഴികളാകും. സ്വകാര്യ വാഹനങ്ങളുടെ രജിസ്ട്രേഷൻ തുക വർദ്ധിപ്പിക്കാനോ ആഡംബര വാഹനങ്ങളിൽ നിന്നും ഉയർന്ന തീരുവ ഈടാക്കുന്നതിനോ (വെറും ആയിരം രൂപയാണ് ഈ ഇനത്തിൽ പിരിക്കുന്നത്. പത്തും അമ്പതും ലക്ഷം രൂപ വിലയുള്ള വാഹനങ്ങളിൽ നിന്നാണിത്) ഒരു നടപടിയുമില്ല. സമ്പന്നനെ തൊടില്ല. അധിക ഇന്ധന ഉപഭോഗത്തിന് അധികമെന്നത് ശരി, പക്ഷെ പൊതുഗതാഗത വാഹനങ്ങളിൽ നിന്നും പിരിക്കരുത്. ഇതെല്ലാം കൂട്ടിയാലും പ്രതിവർഷത്തെ വരുമാന വർദ്ധനവ് 500 കോടിയാണ് പ്രതീക്ഷിക്കുന്നത്. ബാക്കി തുക കമ്പോളത്തിൽ നിന്നും വായ്പ എടുക്കണം. സാമ്രാജ്യത്വ സ്ഥാപനങ്ങളായ ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, ജപ്പാൻ ബാങ്ക് മുതലായവയെയാണ് വായ്പയ്ക്കായി ആശ്രയിക്കുന്നത്. ഫലമോ? അവർ അടിച്ചേൽപ്പിക്കുന്ന എല്ലാ ജനവിരുദ്ധവ്യവസ്ഥകളും സർക്കാർ അംഗീകരിക്കേണ്ടിവരും.

പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടക്കുന്ന പദ്ധതികളുടെ ബന്ധപ്പെട്ടവരുടെ പങ്കാളിത്തം എന്ന് പറയുന്നത് തന്നെ തട്ടിപ്പാണ്. ഇവിടെ ബന്ധപ്പെട്ടവർ എന്നതിൽപ്പെടുക മുതൽ മുടക്കുന്നവരും സർക്കാർ ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതാക്കളുമായിരിക്കും. സാധാരണ മനുഷ്യർക്ക് ഇതിൽ ഒരു പങ്കുമില്ല. നയങ്ങൾ ഇവർ തീരുമാനിക്കും. സ്വകാര്യമേഖലയെ ഇതിനായി പ്രോത്സാഹിപ്പിക്കുന്ന നയങ്ങൽ സ്വീകരിക്കും. ഇതിനുള്ള ഏറ്റവും നല്ല മറുപടി നൽകിയിരിക്കുന്നത് (മറ്റൊരുലേഖനത്തിൽ) ഡോ. പ്രഭാത് പട്നായക് ആണ്. അദ്ദേഹത്തെയെങ്കിലും ഈ പുതിയ നയം ബോധ്യപ്പെടുത്താൻ സർക്കാരിന് കഴിയുമോ?

ഭൂമി ഏറ്റെടുക്കലിനെപ്പറ്റി പറയുന്നിടത്ത് കാര്യങ്ങൾ അവ്യക്തമാണ്. ദ്രുതപാതയിൽ (ഫാസ്റ്റ് ട്രക്ക്) ഭൂമി ഏറ്റെടുക്കുമെന്നാണ് പറയുന്നത്. ഇതിയർത്ഥം ഒരിക്കൽ അക്വിസിഷൻ നടപടികൾക്ക് വിധേയമായവർക്കെല്ലാമറിയാം. ചർച്ചകളിലൂടെ ഭൂവില നിശ്ചയിക്കുമെന്ന് പറയുന്നതും ഒരു ഫലിതമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു ജില്ലാതല പർച്ചേസ് കമ്മിറ്റിയാണ് ഇവിടെ വില നിർണ്ണയം നടത്തുക. നാമിപ്പോൾ കണ്ടുകൊണ്ടിരിക്കുന്ന എല്ലായിടത്തും ഇവർ നിശ്ചയിക്കുന്ന വില നിലവിലുള്ള കമ്പോള വിലയേക്കാൾ വളരെ കുറവായിരിക്കും. എങ്കിലും ദരിദ്രർ സമ്മതം നല്കും. ഇതിനുള്ള ഏക കാരണം ഇവിടെ ഇന്ന് നിലനിൽക്കുന്ന 1894ലെ ഭൂമിയേറ്റെടുക്കൽ നിയമങ്ങളും മറ്റുമാണ്. ഈ വിലയ്ക്ക് സമ്മതം നൽകാത്തവരുടെ ഭൂമി സർക്കാർ ഏറ്റെടുത്ത് പണം കോടതിയിൽ കെട്ടിവയ്ക്കും (അത് കേവലം പൊന്നുംവില) എന്ന് കേട്ടാൽ ഒരുമാതിരിയാളുകളൊക്കെ പേടിച്ച് സമ്മതപത്രം നൽകും. ഇത്തരത്തിൽ ഭീഷണിപ്പെടുത്താൻ രാഷ്ട്രീയ നേതൃത്വങ്ങളും ഉദ്യോഗസ്ഥരും ചിലപ്പോൾ പോലീസും രംഗത്തുണ്ടാകും. മാധ്യമങ്ങൾ പോലും ഈ കുടിയൊഴിപ്പിക്കൽ വികസനാവശ്യം എന്ന രീതിയിൽ അവതരിപ്പിക്കും. ഇവിടെ പുനരധിവാസ നയം നടപ്പിലാക്കും എന്ന് പറയുന്നതിന്റെ തമാശയും അനുഭവത്തിൽ നിന്നും ബോധ്യമാകും. മൂലമ്പിള്ളി കുടിയൊഴിപ്പിക്കൽ തന്നെയോർക്കുക. പാവപ്പട്ടവരെ അവരുടെ വീടുകളിൽ നിന്നും അടിച്ചിറക്കി, അവർ ആറ് ആഴ്ചയോളം വെയിലും മഴയും കൊണ്ട് തെരുവിൽ സമരം ചെയ്തതിന് ശേഷമാണ് സർക്കാർ പുനരധിവാസ പാക്കജ് അംഗീകരിച്ചത്. അവർക്ക് അഞ്ചാറു സെന്റ് ഭൂമി സ്വന്തം നാട്ടിൽ തന്നെ നൽകുന്നതാണ് പാക്കേജ്. അതു സമ്മതിച്ച് ഒരു വർഷം കഴിഞ്ഞിട്ടും വാസയോഗ്യമായ ഭൂമി തയ്യാറായിട്ടില്ല. വെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊന്നും ഒരുഭൂമിയിലും ഒരുങ്ങിയിട്ടില്ല. പത്തുമാസത്തെ വാടകയാണ് അവർക്ക് നൽകിയിരുന്നത്. അതുകൊണ്ട് ഒരു വീട് കിട്ടുക തന്നെ പ്രയാസമുള്ള കാര്യമായിരുന്നു. എന്നാൽ ഇപ്പോൾ അതും തീർന്നു. എന്നാൽ സർക്കാർ പറയുന്നത് ഇന്ത്യക്ക് മാതൃകയായ ഒരു പുനരധിവാസം മൂലമ്പിള്ളിക്കാർക്ക് നൽകിയെന്നാണ്. ഈ നയത്തിൽ ഇവർ ഒരൊറ്റകാര്യം ചേർത്താൽ മതി, സമ്പൂർണ്ണ പുനരധിവാസ സൗകര്യമൊരുക്കിയാൽ മാത്രമെ ഈനിയേതെങ്കിലും സ്ഥലം ഏറ്റെടുക്കുകയുള്ളു എന്ന് നിയമ ഭേദഗതി കൊണ്ടുവരണം എന്ന്. അതിനു തയ്യാറായാൽ നിക്ഷേപത സൗഹൃദം ആകില്ലല്ലോ?

റോഡുനയത്തിലെ ചില അടിസ്ഥാന പ്രശ്നങ്ങളാണ് ഇവിടെ ചർച്ചചെയ്തത്. ഇനിയും നിരവധി വിഷയങ്ങളുണ്ട്. അവയെല്ലാം മറന്നാലും വഴി നടക്കാനുള്ള അവകാശത്തിന് വേണ്ടി സമരം ചെയ്ത് രൂപം കൊണ്ട കേരളത്തിലെ പൊതുവഴികളെല്ലാം മൂലധന ശക്തികൾക്ക് തീറെഴുതുന്ന ഈ നയത്തിനെതിരെ ശക്തമായ ജനശക്തി ഉണരണം. റോഡടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കാൻ എന്തും ചെയ്യാമെന്ന സമീപനം സമൂഹത്തിലുണ്ടാകരുത്.

*തണൽ, കൊച്ചി–21*

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com